**തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്**
**(ഹാജർ: ബി.സുനിൽകുമാർ)**

**സംഗ്രഹം**

കൊല്ലവർഷം 1202-ലെ മാവേലിക്കര ഗ്രൂപ്പിൽ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ROC.27/26/S**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
**05/08/2026**

---

സൂചന:- മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 01/08/2026-ലെ 1032 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വത്തിൽ കൊല്ലവർഷം 1202- ലെ (2026 - 2027) മേൽശാന്തിയെ (പുറപ്പെടാശാന്തി) തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ നടത്തി അവർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 5 പേരുകൾ അടങ്ങിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ടി 5 ശാന്തിക്കാരുടേയും പേരുകൾ ഉൾപ്പെടുത്തി 31/07/2026-ൽ ചെട്ടികുളങ്ങര ദേവസ്വത്തിൽ നടന്ന നറുക്കെടുപ്പിൽ ആറന്മുള ഗ്രൂപ്പിൽപ്പെട്ട കൊടുന്തറ ദേവസ്വം ശാന്തി ശ്രീ.എസ്.രമേശ്-നെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എസ്.രമേശിനെ അടുത്ത ഒരു വർഷക്കാലത്തേയ്ക്ക് (2026 - 2027) ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തിയായി (പുറപ്പെടാശാന്തി) 01/09/2026 മുതൽ നിയമിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹരിപ്പാട്, പത്തനംതിട്ട
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ - മാവേലിക്കര, ആറന്മുള
4. ഐ.റ്റി സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.05/08